**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1512** **10-10-2024 - ൽ മറുപടിയ്ക്ക്**

**ഇനാം ഭൂമി പോക്കുവരവ് ചെയ്തുകൊടുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തൃക്കാക്കര മണ്ഡലത്തിലെ പൂണിത്തുറ, ഇളംകുളം, ഇടപ്പള്ളി സൗത്ത്, ഇടപ്പള്ളി നോർത്ത് വില്ലേജുകളിൽ ഉൾപ്പെടെ വർഷങ്ങളായി താമസിച്ച് കൈവശം വച്ചിട്ടുള്ളവരുടെ ഇനാം ഭൂമി പോക്കുവരവ് ചെയ്തുകൊടുക്കുന്നതിനുള്ള സമയപരിധി എന്നായിരുന്നു; വിശദാംശം ലഭ്യമാക്കാമോ; | (എ) | സേവനമോ ശാരീരിക അദ്ധ്വാനമോ ഭക്ഷ്യ പദാർത്ഥങ്ങളോ പാട്ടമായി നൽകണം എന്ന വ്യവസ്ഥയോടോ ഒരു ഭൂഉടമയുടെ ഭൂമി ഒരു പാട്ടക്കാരൻ കൈവശം വച്ച് വരികയാണെങ്കിൽ അത്തരം ഭൂമിയെയാണ് സർവ്വീസ് ഇനാം ഭൂമി എന്ന് പറയുന്നത്. 1981-ലെ കേരള സർവ്വീസ് ഇനാം ഭൂമികൾ (നിക്ഷിപ്തമാക്കലും വിമുക്തമാക്കലും) ആക്റ്റ് പ്രകാരം ഇത്തരം ഭൂമികളിന്മേൽ ഭൂഉടമയ്ക്കുള്ള അവകാശങ്ങളെല്ലാം ഭൂമിയുടെ കൈവശക്കാരന് പതിച്ച് കൊടുക്കുന്നതിനായി ഇത്തരം ഭൂമികൾ സർക്കാരിൽ നിക്ഷിപ്തമാക്കി സർവ്വീസ് ഇനാം ഭൂമി പതിച്ച് നൽകാനുള്ള അധികാരം സെറ്റിൽമെന്റ് ഓഫീസർക്കാണ്. സംസ്ഥാനത്തിൽ ഇത്തരം കേസുകൾ കുറഞ്ഞ് വരുന്നതിനാൽ സെറ്റിൽമെന്റ് ഓഫീസറുടെ അധികാരം താലൂക്ക് തഹസിൽദാർക്കാണ് ഇപ്പോൾ നൽകിയിരിക്കുന്നത്. ഈ നിയമത്തിന്റെ 1981 ലെ ചട്ടം 3 പ്രകാരം സർവ്വീസ് ഇനാം ഭൂമി പതിച്ച് കിട്ടുന്നതിനായി ഭൂമിയുടെ കൈവശക്കാരൻ അപേക്ഷ നൽകുന്നതിന് സമയം നിശ്ചയിച്ചിരുന്നു. 19.12.2019 തീയതിയിലെ ജി.ഒ(പി) 92/2019/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം 31.12.202 വരെ ലഭിച്ച അപേക്ഷകൾക്കു മാത്രമേ ഇനാം സെറ്റിൽ ചെയ്യാനും പോക്കുവരവ് ചെയ്യാനും കഴിയുകയുള്ളൂ. |
| (ബി) | പ്രസ്തുത സമയപരിധിക്കുള്ളിൽ അപേക്ഷ നൽകി പോക്കുവരവ് ചെയ്യുന്നതിന് സാധിക്കാത്തവർക്ക് ഭൂമി പോക്കുവരവ് ചെയ്തുകിട്ടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ